# പത്രക്കുറിപ്പ്

## പുതിയ വാട്സ് അപ്പ് / മൊബൈൽ നമ്പർ പൊതുജന സേവനത്തിന്
## "Connect to Commissioner"

"ഓപ്പറേഷൻ കിംഗ് കോബ്ര" യുടെ ഭാഗമായി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരേയും കുറ്റവാളികളെയും അപ്പോൾ തന്നെ നിയമത്തിന് മുന്നിൽ കൊണ്ടു വരുന്നതിനും പൊതുജനങ്ങൾക്ക് സിറ്റി പോലീസ് കമ്മീഷണറെ നേരിട്ട് വിളിച്ച് പരാതികളും വിവരങ്ങളും നിർദ്ദേശങ്ങളും കൈമാറുന്നതിനും കമ്മീഷണർക്ക് കിട്ടുന്ന പരാതികളിൽ കമ്മീഷണർക്ക് നേരിട്ട് അപ്പോൾ തന്നെ നടപടിയെടുക്കുന്നതിനും കുറ്റ കൃത്യങ്ങളിൽ ഏർപ്പെടുന്നവരെ ഉടനടി പിടികൂടുന്നതിനുമായി **"Connect to Commissioner"** എന്ന പുതിയ ഒരു സംവിധാനം ഇന്നു മുതൽ (29.03.2019) കൊച്ചി സിറ്റിയിൽ നിലവിൽ വരുന്നു. പൊതുജനങ്ങൾക്ക് സിറ്റി പോലീസ് കമ്മീഷണറെ **9497915555** എന്ന നമ്പറിൽ നേരിട്ട് അറിയിക്കാമെന്നും പരാതികളിലും മറ്റും കമ്മീഷണർ നേരിട്ട് ഇടപെട്ട് ഉടനടി പരിഹാരം കാണുമെന്നും DIG & സിറ്റി പോലീസ് കമ്മീഷണർ എസ് സുരേന്ദ്രൻ IPS അറിയിച്ചു. പൊതു ജനങ്ങൾക്കും കൊച്ചി സിറ്റിയിൽ വിവധ ആവശ്യങ്ങൾക്കായി എത്തിച്ചേരുന്നവർക്ക് 24 മണിക്കൂറും ഈ നമ്പറിൽ വിളിച്ച് വിവരം അറിയിക്കുകയും കുറ്റവാളികളെ കുറിച്ചും, കുറ്റകൃത്യങ്ങളെക്കുറിച്ചും ഫോട്ടോയും, വീഡിയോയും "Connect to Commissioner" എന്ന **9497915555** നമ്പറിലേക്ക് **വാട്സ്അപ്പ് വഴിയോ ഫോൺ മുഖാന്തിരമോ മെസ്സേജുകൾ വഴിയും, ഫെയ്സ്ബുക്ക് വഴിയും, ഇൻസ്റ്റാഗ്രാം എന്ന ആപ്ലിക്കേഷൻ വഴിയും** വിവരങ്ങൾ അയയ്ക്കുകയും ചെയ്യാം. കൊച്ചി സിറ്റി പോലീസിൻെറ ഈ നൂതന സംരംഭത്തിൽ എല്ലാ കൊച്ചി സിറ്റി നിവാസികളും പങ്കാളികളാകണമെന്നും സിറ്റി പോലീസ് കമ്മീഷണർ അഭ്യർത്ഥിച്ചു. കിട്ടുന്ന വിവരങ്ങൾ പരിശോധിച്ച് ജനങ്ങളുടെ പരാതികൾക്ക് ഉടനടി നടപടിയെടുക്കുമെന്നും, വിവരങ്ങൾ കൈമാറുന്നവരെ കുറിച്ചുള്ള കാര്യങ്ങൾ അതീവ രഹസ്യമായി സൂക്ഷിക്കുമെന്നും DIG & സിറ്റി പോലീസ് കമ്മീഷണർ എസ് സുരേന്ദ്രൻ IPS അറിയിച്ചു.

ഈ പദ്ധതി സിറ്റിയിലെ എല്ലാ പൊതുജനങ്ങളും അവരവരുടെ മൊബൈൽ വഴി വിവരങ്ങൾ കൈമാറുന്നതിനുള്ള ഒരു സംവിധാനമായി മാറുമ്പോൾ സിറ്റിയിലെ എല്ലാ പ്രദേശങ്ങളിലേും നടക്കുന്ന വിവരങ്ങൾ അപ്പപ്പോൾ കമ്മീഷണർക്ക് നേരിട്ട് അറിയാൻ കഴിയുന്നതു വഴി ആയതിന് ഉടനടി പരിഹാരങ്ങളും നടപടികളും സ്വീകരിക്കാൻ കഴിയുമെന്ന്

കമ്മീഷണർ അറിയിച്ചു. കൂടാതെ എല്ലാത്തരം ക്രിമിനലുകൾക്കെതിരെയും വിധ്വംസക പ്രവർത്തനങ്ങൾക്കെതിരെയും വേഗത്തിൽ നടപടി എടുക്കുന്നതു വഴി കൊച്ചി സിറ്റിയെ ക്രിമിനലുകളും ഗുണ്ടകളും ഇല്ലാത്തൊരു നഗരമാക്കി മാറ്റുവാൻ സിറ്റി പോലീസിന് കഴിയുമെന്നും കമ്മീഷണർ അറിയിച്ചു.

സ്ഥിരം കുറ്റവാളികൾക്കും, ക്രിമിനലുകൾക്കുമെതിരെ ശക്തമായനടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായിട്ടുള്ള ഓപ്പറേഷൻ കിംഗ് കോബ്ര പ്രകാരം കുപ്രിദ്ധ ഗുണ്ടകളായ ഷമീർ, വികാസ് തോപ്പുംപടി, ആന്റണി ആൽഡ്രിൻ, എബിൻ,ജോൺസൺ, കൊച്ചുവാവ സന്തോഷ്, ജോൺസൺ ഫോർട്ടുകൊച്ചി, റെനീസ്, ഉണ്ണികൃഷ്ണൻ, പ്രേമൻ,ജഗൻ, മുനീർകോയ, ലോബ്സൺ എന്നിവരടക്കം 45 ഓളം ഗുണ്ടകളെ അറസ്റ്റ് ചെയ്തിട്ടുള്ളതാണ്. പിടികിട്ടാപ്പുള്ളികളും വർഷങ്ങളായി ഒളിവിൽ കഴിഞ്ഞ് വന്നിരുന്നതുമായ 88 ഓളം പേരെ അറസ്റ്റ് ചെയ്തിട്ടുള്ളതാണ്. മയക്ക്മരുന്ന് ഉപയോഗവും, വിതരണവും സംബന്ധിച്ച് എട്ട് പേർക്കെതിരെ കേസ്സ് എടുത്തിട്ടുള്ളതാണ്. വ്യാജമദ്യം,കള്ളപ്പണം,ആയുധങ്ങൾ ഉൾപ്പടെയുള്ള സാധനങ്ങളുടെ കൈമാറ്റവും, ട്രാൻസ്പോർട്ടേഷനും തടയുന്നതിനായി അസിസ്റ്റന്റ് കമ്മീഷണർമാരുടെ നേതൃത്വത്തിൽ ശക്തമായ പരിശോധനകൾ നടന്ന് വരുന്നതായും കമ്മീഷണർ അറിയിച്ചു.

പൗരസമൂഹത്തിന് പോലീസ് സഹായം ആവശ്യമുള്ള എന്തു കാര്യത്തിനും മുകളിൽ നൽകിയിട്ടുള്ള Connect to Commissioner നമ്പറിൽ ബന്ധപ്പെടാമെന്നും ഉടനടി നടപടികൾ ഉറപ്പാക്കുമെന്നും ഈ സൗകര്യം പരമാവധി പ്രയോജനപ്പെടുത്തി കൊച്ചി സിറ്റിയെ ഒരു "ഗുണ്ടാ രഹിത സുരക്ഷിത നഗരം " ആക്കി തീർക്കുന്നതിന് മികച്ച പിന്തുണ നൽകണമെന്നും DIG & സിറ്റി പോലീസ് കമ്മീഷണർ എസ് സുരേന്ദ്രൻ IPS അഭ്യർത്ഥിച്ചു.

2/3

For പോലീസ് കമ്മീഷണർക്കു വേണ്ടി
കൊച്ചി സിറ്റി

OFFICE OF THE ASST.COMMISSIONER OF POLICE
KOCHI CITY
DIST. SPECIAL BRANCH